(6) കോന്നി നിയോജകമണ്ഡലത്തിലെ സോമൻപിള്ള എന്ന ആളിന്റെ ദുരൂഹമരണം

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജക മണ്ഡലത്തിൽ പ്രമാടം വില്ലേജിൽ പുത്തൻമഠത്തിൽ മേലേതിൽ സോമൻപിള്ള എന്ന ആളിനെ 30-6-2003 മുതൽ കാണാതായിട്ടുള്ളതാണ്. കാണാതായ സോമൻപിള്ള സി.ഐ.റ്റി.യു.-വിന്റെ മണൽവാരൽ തൊഴിലാളിയായിരുന്നു. 3-7-2003-ൽ വി. കോട്ടയം വില്ലേജിൽ പുതുശ്ശേരി ഏലായിൽ ഒരു അജ്ഞാത ജഡം കാണുകയുണ്ടായി. ആ ജഡം പരിശോധിച്ചപ്പോൾ സോമൻപിള്ളയുടേതാണെന്ന് മനസ്സിലാവുകയുണ്ടായി. അഴുകിയ ജഡത്തിന്റെ കൈകാലുകൾ വെട്ടി മാറ്റി മുഖം കരിച്ച സ്ഥിതിയിലാണ് കണ്ടത്. നിഷ്ഠൂരമായ ഈ കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ചവർ ആര് തന്നെയായാലും അവരെ കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. 18 ദിവസമായിട്ടുപോലും ഇതുവരെയും ഈ കേസിലെ പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പോസ്റ്റുമോർട്ടം പരിശോധനയിൽ സോമൻപിള്ളയെ ആരോ കൊലപ്പെടുത്തിയതാണെന്ന് കണ്ടതിനാൽ സി.ആർ.പി.സി. 174-ാം വകുപ്പ് മാറ്റി ഇൻഡ്യൻ ശിക്ഷാനിയമം 302-ാം വകുപ്പ് ചേർത്ത് അന്വേഷണം ആരംഭിച്ചു. കോന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതിയെക്കുറിച്ചുള്ള സൂചനകളൊന്നും ലഭിച്ചിട്ടില്ല. കേസന്വേഷണം ഊർജ്ജിതപ്പെടുത്താനും പ്രതികളെ കണ്ടെത്താനുമുള്ള പ്രത്യേക നിർദ്ദേശം പോലീസിന് കൊടുക്കാം.

(7) വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ അവകാശികൾക്കുള്ള നഷ്ടപരിഹാരത്തുക അടിയന്തിരമായി വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശ രാജ്യങ്ങളിൽവച്ച് മരണമടഞ്ഞ ആയിരക്കണക്കിനോളം മലയാളികളുടെ ആശ്രിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുകകൾ വിതരണം ചെയ്യപ്പെടാതെ വിവിധ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുകയാണ്. ഏകദേശം 10 കോടി രൂപ ഇത്തരത്തിൽ കളക്ടറേറ്റുകളിൽ വർഷങ്ങളായി വിതരണം ചെയ്യാതെ കിടക്കുന്നു. വിദേശ രാജ്യങ്ങളിലെ സ്പോൺസർമാരും ഇൻഷ്വറൻസ് കമ്പനികളും കോമ്പൻസേഷനായി അയച്ചുകൊടുത്ത തുകകളാണ് ഓരോ നിസ്സാര കാരണങ്ങൾ പറഞ്ഞ് തടഞ്ഞുവച്ചിട്ടുള്ളത്. തുക ലഭിക്കണമെങ്കിൽ 12 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ള ഉദ്യോഗസ്ഥന്റെ ജാമ്യം, പാസ്പോർട്ടിലെയും റേഷൻകാർഡിലെയും പേരും ഇനിഷ്യലും തമ്മിലുള്ള ചേർച്ച അല്ലെങ്കിൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് തുടങ്ങിയ നിരവധി കടമ്പകളാണ് ഇവർക്ക് കടക്കാനുള്ളത്. ഇത് അവസാനിപ്പിച്ച് വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ ആശ്രിതർക്ക് വിദേശത്തുനിന്ന് നൽകുന്ന നഷ്ടപരിഹാരത്തുക അവകാശികളുടെ സ്വന്തം ജാമ്യത്തിൽ ഉടൻതന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് അവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽനിന്നോ സർക്കാരിൽനിന്നോ ലഭിക്കേണ്ട ആനുകൂല്യങ്ങൾ അതാത് രാജ്യങ്ങളിലെ ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങൾ സ്വീകരിച്ച് ജില്ലാ കളക്ടർമാർക്ക് വിതരണത്തിന് അയച്ചുകൊടുക്കാറുണ്ട്. വർഷങ്ങളായി തുടർന്നു വരുന്ന ഈ വിതരണ

LIBRARY ARCHIVES Kerala Legislative Assembly